ഒരു പ്രമേയത്തിലൂടെ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്.

മി. സ്പീക്കർ : ശ്രദ്ധക്ഷണിക്കലിനുള്ള മറുപടി പറയാൻ ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി ബഹുമാനപ്പെട്ട പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി കെ. രാധാകൃഷ്ണനെ ചുമതപ്പെടുത്തിയിട്ടുണ്ട്. അതിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി തന്നെ മറുപടി പറയണമെന്നുണ്ടെങ്കിൽ മന്ത്രി സഭയിൽ വന്നതിനുശേഷം മറുപടി പറയുന്നതിന് അവസരം കൊടുക്കുന്നതാണ്. ഇപ്പോൾ സബ്മിഷൻ എടുക്കാം.

V. സബ്മിഷൻ

(1). യു.ഐ.ടി.അടൂർ സെന്ററിൽ നടന്ന അക്രമം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ അടൂർ സെന്ററിലെ വിദ്യാർത്ഥിയായ പ്രീതി കൃഷ്ണനെ വളരെ മൃഗീയമായി ആ സ്ഥാപനത്തിലെ തന്നെ വാച്ച്മാൻ രജ്ഞൻ എന്ന ഒരാൾ മർദ്ദിക്കുകയുണ്ടായി. ഡി.വൈ.എഫ്.ഐ. പ്രവർത്തകനും ഒരു ഭാരവാഹിയുമാണ് ഈ രജ്ഞൻ. പ്രീതി കൃഷ്ണൻ ഈ മർദ്ദനം സംബന്ധിച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോ-ഓർഡിനേറ്ററോട് പരാതിപ്പെട്ടു എന്നുള്ളതിന്റെ പേരിൽ അതിന്റെ പക തീർക്കുന്നതിനുവേണ്ടിയാണ് പുറത്തുനിന്നുള്ള പാർട്ടി പ്രവർത്തകരുടെ സഹായത്തോടുകൂടി അതിക്രൂരമായി ഈ മർദ്ദനം നടത്തിയത്. ഈ മർദ്ദനത്തിനു വിധേയരായ ആളുകൾ പരാതിപ്പെട്ടിട്ടും അതിനുള്ള നിയമനടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ല. ഇത് ഒരു സംഭവം മാത്രമല്ല. അടൂർ എൻജിനിയറിംഗ് കോളേജിലും ഇതുപോലുള്ള ഒരു സംഭവം ഒരാഴ്ചമുൻപുണ്ടായി. പുറത്തുനിന്നുള്ള ഡി.വൈ.എഫ്.ഐ പ്രവർത്തകർ ആ കോളേജിൽ കയറി കുട്ടികളെ മർദ്ദിക്കുകയുണ്ടായി. കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്ന് വന്നുതാമസിക്കുന്ന കുട്ടികളാണവർ. അവർക്ക് അവിടെയുള്ളവരുമായി മർദ്ദിക്കുന്നതിന് കായികശക്തി ഇല്ല. ലോക്കൽ പിൻബലവുമില്ല. അതുകൊണ്ട് ഈ കുട്ടികൾക്ക് ആവശ്യമായ സംരക്ഷണം നൽകുന്നതിനുള്ള നടപടിയുണ്ടാകണം. വളരെ ശക്തമായ നടപടി ഇക്കാര്യത്തിലെടുക്കണമെന്ന് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ഇവിടെ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ വളരെ ഗൗരവമായ ഒരു വിഷയത്തിലേയ്ക്കാണ് സഭയുടെ ശ്രദ്ധ ക്ഷണിച്ചത്. 23.2.2000 ത്തിന് അടൂർ യു.ഐ.ടി സെന്ററിലെ രണ്ടു വിദ്യാർത്ഥികൾ തമ്മിൽ തർക്കവും വാക്കേറ്റവുമുണ്ടായി പക്ഷെ ക്ലാസ് കഴിഞ്ഞുപോയ പ്രീതി കൃഷ്ണൻ, ജയ്സൺ, ചെറിയാൻ, രാജേഷ് എന്നീ വിദ്യാർത്ഥികളെ അടൂർ ബസ് സ്റ്റാന്റിനു സമീപംവച്ച് കണ്ടാലറിയാവുന്ന മൂന്നുപേർ ചേർന്ന് ദേഹോപദ്രവമേൽപ്പിച്ചു. ഇത് ക്രിമിനൽ കുറ്റമാണ്. നടപടിയെടുക്കാൻ പോലീസ് ബാധ്യസ്ഥമാണ്. ഇതുസംബന്ധിച്ച് ക്രൈം 122/2000 എന്ന നമ്പർ ആയി ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് ഇൻവെസ്റ്റിഗേഷൻ നടക്കുകയാണ്. തീർച്ചയായും യുക്തമായ നടപടി ഇക്കാര്യത്തിലുണ്ടാകും.

1122/2010.

LIBRARY ARCHIVES Kerala Legislative Assembly